9

# ആറു മണിക്കൂറുകൾ, 1

**മത്തായി 27:33-44; മർക്കൊസ് 15:22-32;
ലൂക്കൊസ് 23:33-43; യോഹന്നാൻ 19:17-27**

*"തലയോടിടം എന്ന സ്ഥലത്തു എത്തിയപ്പോൾ, അവർ അവിടെ അവനെയും ദുഷ്പ്രവൃത്തിക്കാരെയും, ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും ആയി ക്രൂശിച്ചു" (ലൂക്കൊസ് 23:33).*

*ആറു മണിക്കൂറുകൾ!* രക്ഷ ... ജീവൻ ... പ്രത്യാശ ... സ്വർഗ്ഗം! യേശു ആറു മണിക്കൂർ ക്രൂശിൽ ആയിരുന്നു (മർക്കൊസ് 15:25–37). മൂന്നാം മണി മുതൽ ഒമ്പതാം മണി വരെ (യെഹൂദ സമയം) എന്നതു നമ്മുടെ രാവിലെ 9.00 മണി മുതൽ ഉച്ചക്കുശേഷം 3.00 മണിവരെയുള്ള സമയത്തിനു തുല്യമാണ്. ആ ആറുമണിക്കൂർ തുല്യമായി ഭാഗിക്കാവുന്നതാണ്. ദൈവം അവയെ ഭാഗിച്ചു. ആറാം മണി മുതൽ ഒമ്പതാം മണി വരെ ദൈവം ദേശത്ത് ഇരുട്ട് അയച്ചു (മത്തായി 27:45; മർക്കൊസ് 15:33; ലൂക്കൊസ് 23:44). യേശു മരിച്ചതു ഒമ്പതാം മണി നേരത്തായിരുന്നു.

ചരിത്രത്തിലെ ഏറ്റവും സുപ്രസിദ്ധ മരണമായിരുന്നു യേശുവിന്റേത്. അതാണ് ക്രിസ്ത്യാനിത്വത്തിന് ഉള്ളതും, ആഗ്രഹിക്കേണ്ടതും, ആവശ്യമുള്ളതും. പൗലൊസ് എഴുതി, "ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ, മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരിന്ത്യർ 2:2). പൗലൊസു പ്രധാനമായും അറിഞ്ഞതും പ്രസംഗിച്ചതും, എല്ലാം അതായിരുന്നു (1 കൊരിന്ത്യർ 1:17–25).

### വിശദാംശങ്ങൾ പറഞ്ഞില്ല

നമുക്ക് വളരെ കുറച്ചു മാത്രമെ അറിയാവൂ! വിശദാംശങ്ങൾ കുറവാണ്. ക്രൂശിക്കലിനു സാക്ഷിയായ ഏക അപ്പൊസ്തലൻ യോഹന്നാനായിരുന്നു. ലൂക്കൊസ് (ചരിത്രകാരൻ) ക്രൂശിനെ ഒരു വാക്യത്തിലുള്ള ഒരു വാചകമായി ചുരുക്കി: "അവർ അവിടെ അവനെ ക്രൂശിച്ചു" (ലൂക്കൊസ് 23:33). നമുക്കു അവന്റെ ക്രൂശിക്കലിനേക്കാൾ കൂടുതൽ അറിയാവുന്നതു അവന്റെ അടക്കമാണ്. നമുക്കുള്ളതു ഉത്തരങ്ങളേ

ക്കാൾ കൂടുതൽ ചോദ്യങ്ങളാണ്.

ക്രൂശിന്റെ ആകൃതി നമുക്ക് അറിയില്ല. "X" - ആകൃതിയിലുള്ള ക്രൂശ് അപ്രസക്തമാണ്. അതുപോലെ റ്റൗ കുരിശും, അതു ഇംഗ്ലീഷിൽ "T" പോലെയിരിക്കും. പിലാത്തൊസ് യേശുവിന്റെ തലക്കു മീതെ എഴുതിയതിനാൽ, അതും, നീക്കി, കളയേണ്ടതാണ്. ലാറ്റിൻ കുരിശ്, അധിക ചിഹ്നം പോലെയുള്ളത്, ഒരുപക്ഷെ അതായിരിക്കാം ഉപയോഗിച്ചത്. ആ കുരിശാണ് സാർവ്വദേശിയമായി അംഗീകരിച്ചതും, കലയിലും, ആഭരണത്തിലും, കൊത്തു പണിയിലുമെല്ലാമുള്ളത്. രസകരമായി, അധിക ചിഹ്നത്തെ "ക്രൂശിന്റെ അടയാളം" എന്നു വിളിച്ചിരിക്കുന്നു.

ക്രൂശിലെ യേശുവിനു മുകളിൽ പിലാത്തൊസ് ഒരു എഴുത്ത് എഴുതി വെപ്പിച്ചു (മത്തായി 27:37; മർക്കൊസ് 15:26; ലൂക്കൊസ് 23:38; യോഹന്നാൻ 19:19). ഓരോ വിവരണവും വ്യത്യസ്തമാണെങ്കിലും, പറയുന്നതെല്ലാം ഒന്നാണ്. എഴുത്തുകാരെല്ലാം ശരിയായ വാക്കുകൾ, ഉപയോഗിക്കുവാൻ തയ്യാറായില്ല, പക്ഷെ സന്ദേശത്തിൽ അത് വെളിപ്പെടുത്തി.

യേശുവിനെ എങ്ങനെയാണ് ക്രൂശിൽ ആണി അടിച്ചത്? നമുക്ക് അറിയില്ല. യേശു ഉയിർത്തെഴുന്നേറ്റ ദിവസം നമുക്ക് അറിയാം: ഒന്നാം ദിവസം, ഞായറാഴ്ച്ച (മത്തായി 28:1-7; മർക്കൊസ് 16:2-9; ലൂക്കൊസ് 24:1-7; യോഹന്നാൻ 20:1-10). ഇവിടെ തർക്കമില്ല. പ്രാരംഭ സഭ കൂടി വന്നിരുന്നതും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിലാണ് (പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 16:2).

*എങ്ങനെയായാലും, ക്രൂശിൽ തറെച്ച ദിവസം പ്രത്യേകമായി പറഞ്ഞിട്ടില്ല.* ആ ദിവസം കണ്ടെത്തുവാൻ, നാം പുറകിലേക്ക് നോക്കണം. സുവിശേഷങ്ങളിൽ[1] പത്തു പ്രാവശ്യം യേശു "മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു"[2] എന്നതു പറയുന്നുണ്ട്. സമയത്തെ കുറിച്ചു തർക്കിക്കുമെങ്കിലും, ക്രൂശിൽ തറെച്ച ദിവസം, ഒരുക്കനാളിന്റെ തലേ ദിവസം, അതായതു ശബ്ബത്തിനു തലേ ദിവസം ആണെന്നു ബൈബിൾ വ്യക്തമായി പറയുന്നു (മർക്കൊസ് 15:42; ലൂക്കൊസ് 23:50-56; യോഹന്നാൻ 19:31).

എത്ര നേരം യേശു ക്രൂശിൽ ആയിരുന്നു എന്നു നമുക്ക് അറിയാം: ആറു മണിക്കുറുകൾ. ഈ മണിക്കൂറുകൾ സമയത്തിന്റെ കേന്ദ്രമായി ഉറപ്പിച്ചിരിക്കുന്നു.

### ആദ്യത്തെ മൂന്നു മണിക്കൂറുകൾ

ഉടനെ, യേശുവിന്നു കൈപ്പു കലക്കിയ വീഞ്ഞു കുടിപ്പാൻ കൊടുത്തു (മത്തായി 27:34; കെജെവി). വിസ്മയാവഹം! അവൻ അതു നിരസിച്ചു. വേദന സംഹാരി യേശു തള്ളിക്കളഞ്ഞു. അവൻ ബോധം കെടുവാൻ ആഗ്രഹിച്ചില്ല. എല്ലാ ഇന്ദ്രിയങ്ങളെയും അവൻ ക്രൂശിലേറ്റി. തന്റെ വേദന അവൻ സഹപ്രവൃത്തിക്കാരിലേക്ക് പകർന്നില്ല. വേദനയും ദുഃഖവും ക്രൂശിൽ ഒന്നുമല്ലാതായി. എന്താണ് സംഭവിക്കുന്നതു എന്നു അറിയാമായിരുന്ന ഏക വ്യക്തി യേശു മാത്രം ആയിരുന്നു.

അവൻ ക്രൂശിലായി അധികം താമസിക്കാതെ ആളുകൾ അവ

നോടു ക്രൂശിൽ നിന്നു ഇറങ്ങി വരുവാൻ നിലവിളിച്ചു (മത്തായി 27:39-43; മർക്കൊസ് 15:29-32; ലൂക്കൊസ് 23:35-37). കള്ളന്മാരും അവരോടു ചേർന്നു (മത്തായി 27:44; മർക്കൊസ് 15:32; ലൂക്കൊസ് 23:39). എന്തൊരു ദോഷ ദർശനം! ഇതു കാണിക്കുന്നതു വിശ്വാസരാഹിത്യത്തിന്റെ, അവിശ്വാസത്തിന്റെ ധാർമ്മികമായ അധഃപ്പതനം ആണ്. തന്റെ നിബന്ധനയാൽ മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കാമെന്നു പറയുവാൻ അവനു എത്ര ധൈര്യമുണ്ടെന്നു നോക്കുക! യേശു ക്രൂശിൽ നിന്നു ഇറങ്ങി വന്നാൽ, പാപികൾ ശിക്ഷിക്കപ്പെടും, പ്രത്യാശയില്ലാത്തവരാകും. എന്നാൽ യേശു ജനിച്ചതു മരിക്കുവാൻ തന്നെയായിരുന്നു. നാം ജനിച്ചു ജീവിക്കേണ്ടതിനായിരുന്നു അവൻ മരിച്ചത് (റോമർ 5:10). പാപത്തെ ശിക്ഷിക്കാതെ, ആർക്കും മാപ്പുകൊടുക്കാൻ നീതിമാനായ ദൈവത്തിനു സാധ്യമല്ല. കാൽവരിയിൽ വച്ചു, യേശു നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ വഹിച്ചു.

ക്ഷമിക്കപ്പെട്ട പാപത്തിനുപോലും അനന്തരഫലമുണ്ട്. തന്നെ ഉപദ്രവിക്കുന്നവരുടെ മേൽ അവരുടെ പാപം നിർത്തരുതേ എന്നാണ്, യേശു ക്രൂശിൽ വച്ച് ദൈവത്തോടു ആദ്യം അപേക്ഷിച്ചത്; എങ്ങനെയായാലും, അവരുടേത് പാപങ്ങളുടെ പാപം ആയിരുന്നു! ദൈവം യെരുശലേമിനെ നശിപ്പിച്ചു. അതിന്റെ ബൈബിൾ ചരിത്രം നോക്കിയാൽ, യെഹൂദമതം ഒന്നിനു വേണ്ടിയാണ് നിലകൊണ്ടത് - മശിഹ വരുന്നതിനുവേണ്ടി. മശിഹയെ കുറിച്ചുള്ള എല്ലാ പ്രവചനങ്ങളും നിറവേറ്റിക്കൊണ്ട്, യേശു വന്നു. യെഹൂദന്മാർ അവനെ ക്രൂശിച്ചു! അക്ഷരികമായി, ഇതു അവരെ “മശിഹായുടെ കാര്യത്തിൽ” നിന്നു പുറന്തള്ളി. അവർ കൈസരെ രാജാവായി സ്വീകരിച്ചു, അവരുടെ രാജാവായ ദൈവത്തെ അവർ തള്ളിക്കളഞ്ഞു (യോഹന്നാൻ 19:14, 15). കൂടാതെ യേശുവിന്റെ രക്തം അവരുടെ മേലും, അവരുടെ പാപത്തിന്മേലും, അവരുടെ മക്കളുടെ മേലും വരട്ടെ എന്ന നിലപാടായിരുന്നു അവരുടേത് (മത്തായി 27:25).

യേശു വീണ്ടും സംസാരിച്ചപ്പോൾ, അവൻ തന്നോടൊപ്പം ഉണ്ടായിരുന്ന കള്ളനോടു ആണ് സംസാരിച്ചത്. സകല മനുഷ്യരുടേയും പാപങ്ങൾക്കുവേണ്ടി മരിക്കുകയായിരുന്ന യേശു, ഒരു പാപിയുടെ പാപം മോചിച്ചു കൊടുക്കുന്നതു ഉചിതമായിരുന്നു. ലൂക്കൊസ് 23:39-43 ലെ കൈമാറ്റം വായിക്കുക. തൂക്കിക്കൊല്ലുന്ന സമയത്താണ് ഒരു കള്ളൻ വാസ്തവത്തിലുള്ള മതത്തെ അറിഞ്ഞത്. വിസ്മയാവഹം! ക്രൂശിൽ വരിക, ക്രൂശിൽ ആയിരിക്കുക. ക്രൂശ് കള്ളനെ രക്ഷിച്ചു; ക്രൂശിനു നമ്മെയും രക്ഷിക്കുവാൻ കഴിയും! ആശയങ്ങളാലോ, ചിന്തയാലോ, തത്വചിന്തകളാലോ, നിഗൂഢാത്മകത്വത്താലോ, അല്ലെങ്കിൽ അജ്ഞതയാലോ നമുക്കു രക്ഷിക്കപ്പെടുവാൻ സാധ്യമല്ല - യേശുവിനു മാത്രമെ നമ്മെ രക്ഷിക്കുവാൻ സാധിക്കൂ.

കഠിന വേദനയാലായിരുന്നു യേശു മരിച്ചതെങ്കിലും, യേശു തന്റെ അമ്മ, മറിയയെ കരുതി. അവളെ അമ്മയെ പോലെ കരുതി നോക്കിക്കൊള്ളുവാൻ യേശു യോഹന്നാനോടു പറഞ്ഞു (യോഹന്നാൻ 19:26, 27). പലരും വിചാരിക്കുന്നതു യോഹന്നാൻ അവളെ സ്വന്തം വീട്ടിലേക്കു

കൊണ്ടുപോയി ശേഷിച്ച കാലമെല്ലാം സംരക്ഷിച്ചു എന്നാണ്. അല്പം നിന്നു ചിന്തിക്കുക. അവളുടെ രണ്ടു പുത്രന്മാർ പിന്നീടു പുതിയ നിയമ പുസ്തകങ്ങൾ എഴുതി (യാക്കോബും യൂദയും). യേശു ഉയിർത്തെഴുന്നേറ്റയുടനെ മറിയയും അവളുടെ ചില മക്കളും മാളിക മുറിയിലെ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തിരുന്നു (പ്രവൃത്തികൾ 1:13, 14). അമ്മയുടെ ആവശ്യങ്ങൾ അവർ നിറവേറ്റുമെന്നതു സ്പഷ്ടമാണ്. *ക്രൂശിങ്കൽ വെച്ചു* മറിയക്കു സഹായം ആവശ്യമായിരുന്നു – ക്രൂശിന്റെ പാദത്തിൽ, ക്രൂശിന്റെ സമയത്ത്! അതു അവളുടെ കഠിന ദിവസമായിരുന്നു, അവളുടെ നീണ്ട രാത്രിയും. യേശു പറഞ്ഞതു, “എന്റെ അമ്മയോടൊപ്പം ആയിരിക്കുക” എന്നാണ്!

ഗൊൽഗോഥാ വികൃതമാണ്. ക്രൂശിക്കൽ പോലെ ദാരുണമായ ഒരു ചിത്രം സിനിമയിൽ ഒരിക്കലും കാണില്ല. സ്നേഹമുള്ള ഒരു പിതാവിനു ചെയ്യുവാൻ കഴിയുന്നതു മാത്രമാണ് ദൈവം ചെയ്തതു. പാപത്തിനുള്ള ദൈവിക ന്യായവിധി ഏറ്റെടുക്കുവാൻ അവന്റെ പുത്രനെ അവൻ അനുവദിച്ചു; അവൻ തന്റെ പുത്രനിൽ നിന്നു മുഖം മറച്ചു.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പുകൾ

[1]സുവിശേഷങ്ങൾ പുതിയ നിയമത്തിലെ നാലു പുസ്തകങ്ങളാണ്: മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ. ഈ പുസ്തകങ്ങൾ യേശുവിന്റെ ജീവിതം, ശുശ്രൂഷ, മരണം, ഉയിർത്തെഴുന്നേല്പ് എന്നിവ പറയുന്നു. [2]നോക്കുക മത്തായി 16:21; 17:23; 20:19; 27:63; മർക്കൊസ് 9:31; 10:34; ലൂക്കൊസ് 9:22; 13:32; 18:33; 24:7.

© 2009 Truth for Today